# വിവാഹിതരാകാതെ പുരുഷനുമായി സഹവസിച്ച സ്ത്രീക്ക് ജീവനാംശം ലഭിക്കാൻ അർഹതയില്ല

## കേരള ഹൈക്കോടതി

R.P.F.C. No. 249/2018 Dt. 30.6.2020

ഉമേഷ് കെ.ബി.

x

ശ്രീകല പുത്തൻപുരയിൽ

വിവാഹിതയായ ശ്രീകല ഭർത്താവ് ജീവിച്ചിരിക്കുന്ന വസ്തുത മറച്ചുവച്ചുകൊണ്ട് ഉമേഷ് എന്നയാളെ വിവാഹം ചെയ്തു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഉമേഷ് അക്കാര്യം അറിഞ്ഞു. തുടർന്ന് ശ്രീകലയുമായുള്ള വിവാഹം അസാധുവായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ഉമേഷ് കണ്ണൂർ കുടുംബക്കോടതിയിൽ ഹർജി സമർപ്പിച്ചു. ആ ഹർജി കണ്ണൂർ കുടുംബക്കോടതിയുടെ പരിഗണനയിലിരിക്കെ ശ്രീകല ജീവനാംശമാവശ്യപ്പെട്ട് ഉമേഷിനെതിരെ തലശ്ശേരി കുടുംബക്കോടതിയിൽ ഹർജി നല്കി. ഭർത്താവ് തന്നെ പിരിഞ്ഞ് ജീവിക്കുകയാണെന്നും തനിക്ക് ഉപജീവനത്തിന് മാർഗ്ഗമില്ലെന്നും ചൂണ്ടിക്കാട്ടിയ സ്ത്രീ ജീവനാംശം നല്കാൻ ഉമേഷിനോട് നിർദ്ദേശിക്കണമെന്നാവശ്യപ്പെട്ടു. മുൻ വിവാഹം മറച്ചുവെച്ചാണ് ശ്രീകല തന്നെ വിവാഹം ചെയ്തതെന്നും ആ വിവാഹം അസാധുവായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി കണ്ണൂർ കുടുംബക്കോടതിയുടെ പരിഗണനയിലാണെന്നും ശ്രീകലയുടെ ഹർജി തള്ളിക്കളയണമെന്നും ഉമേഷ് ആവശ്യപ്പെട്ടു. ഉമേഷിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ തലശ്ശേരി കുടുംബക്കോടതി ഉമേഷ് ശ്രീകലക്ക് ജീവനാംശം നല്കണമെന്ന് ഉത്തരവിട്ടു. പിന്നീട് കണ്ണൂർ കുടുംബക്കോടതി ഉമേഷിന്റെയും ശ്രീകലയുടെയും വിവാഹം അസാധുവാണെന്ന് പ്രഖ്യാപിച്ച് വിധി പ്രസ്താവിച്ചു. കണ്ണൂർ കുടുംബക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ തലശ്ശേരി കുടുംബക്കോടതിയുടെ വിധിക്കെതിരെ ഉമേഷ് ഹൈക്കോടതിയിൽ പുനരവലോകന ഹർജി സമർപ്പിച്ചു. വിവാഹം അസാധുവായതിനാൽ ശ്രീകല 'ഭാര്യ' എന്നതിന്റെ നിർവ്വചനത്തിൽപ്പെടില്ലെന്ന് വാദിച്ച ഉമേഷ് തലശ്ശേരി കുടുംബക്കോടതിയുടെ വിധി റദ്ദാക്കണമെന്നാവശ്യപ്പെട്ടു. വിവാഹം അസാധുവായെങ്കിലും ഭാര്യാഭർത്താക്കന്മാരെപ്പോലെ സഹവസിച്ചതിനാൽ ജീവനാംശം നല്കാൻ ഉമേഷ് ബാധ്യസ്ഥനാണെന്ന് ശ്രീകല വാദിച്ചു. സാധുവായ വിവാഹം നിലവിൽ വന്നിട്ടുണ്ടെങ്കിൽ മാത്രമേ സ്ത്രീക്ക് പുരുഷനിൽ നിന്ന് ജീവനാംശം ലഭിക്കാൻ അവകാശമുള്ളൂവെന്നും സഹവസിച്ചു എന്ന കാരണത്താൽ സ്ത്രീക്ക് ഭാര്യാ പദവി ലഭിക്കില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. ആരംഭത്തിൽ തന്നെ അസാധുവായ വിവാഹ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സഹവസിച്ചു എന്ന ഒറ്റ കാരണത്താൽ സ്ത്രീക്ക് ജീവനാംശത്തിന് അർഹതയില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി തലശ്ശേരി കുടുംബക്കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും ഉമേഷിന്റെ പുനരവലോകന ഹർജി അനുവദിക്കുകയും ചെയ്തു.